തിന് തൊഴിൽ വകുപ്പുമന്ത്രി നേരിട്ടും വകുപ്പുതലത്തിലും ഉടമാ പ്രതിനിധികളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ചർച്ച നടത്തി വരുന്നു.

(ഡി) കൊച്ചിൻ മലബാർ എസ്റ്റേറ്റ് ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കീഴിൽ വരുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശികപ്പണം വിതരണം ചെയ്യുന്നതിലേക്കായി അവരുടെ കോഴിക്കോട് ജില്ലയിലുള്ള കിണലൂർ എസ്റ്റേറ്റ് വിൽക്കുവാൻ മാനേജുമെന്റ് ബഹു. ഹൈക്കോടതിയുടെ അനുവാദം വാങ്ങിയിരുന്നു.

(ഇ) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21-6-2003-ൽ പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം ചേരുകയുണ്ടായി. തോട്ടം തുറന്നു പ്രവർത്തിപ്പിക്കാൻ സഹായകരമായ രീതിയിൽ തേയില, കാപ്പിത്തോട്ടങ്ങൾക്ക് 2003-2004 വർഷത്തേയ്ക്കുള്ള പ്ലാന്റേഷൻ നികുതി ഇളവു ചെയ്യാൻ തീരുമാനിച്ചു. പ്ലാന്റേഷൻ മേഖലയുടെ മറ്റു പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടു വന്നിട്ടുണ്ട്. സംസ്ഥാനതലത്തിൽ പരിഗണിക്കേണ്ട കാര്യങ്ങൾ സജീവമായി പരിഗണിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിലെ ക്യാന്റീനുകൾ

16 (*256) ശ്രീ. എ. സുജനപാൽ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലുള്ള ക്യാന്റീനുകൾ വാടകയ്ക്ക് കൊടുക്കുന്നത് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ;

(ബി) ഈ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(സി) ക്യാന്റീനുകളിൽ നിന്നും നൽകുന്ന ഭക്ഷണ സാധനങ്ങൾ ഭക്ഷ്യ യോഗ്യമാണോയെന്ന് ഉറപ്പു വരുത്താറുണ്ടോ ?

ഗാതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ക്യാന്റീൻ നടത്താൻ താൽപ്പര്യമുള്ള വ്യക്തികൾ കോർപ്പറേഷന്റെ പരസ്യങ്ങൾക്ക് അനുബന്ധമായി സമർപ്പിക്കുന്ന മത്സര ബുദ്ധിയോടെയുള്ള ടെൻഡറുകളിൽ നിന്നും ഏറ്റവും കൂടുതൽ തുക കോർപ്പറേഷന് വാഗ്ദാനം ചെയ്യുന്ന വ്യക്തിയെ തെരഞ്ഞെടുത്താണ് ക്യാന്റീൻ നടത്തിപ്പിനുള്ള കരാർ നൽകുന്നത്. ഇതിനു പുറമേ ക്യാന്റീൻ കെട്ടിടത്തിന് നിശ്ചയിക്കുന്ന വാടക, ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് എന്നിവയും അവർ തന്നെ നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഉണ്ട്.

ജൈവ വൈവിധ്യം പ്രയോജനപ്പെടുത്തി വ്യവസായ വികസനത്തിന് നടപടി

17 (*257) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജൈവ വൈവിധ്യം പ്രയോജനപ്പെടുത്തി വ്യവസായ വികസനം കൊണ്ടുവരാൻ പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രകൃതിയുടെ വരദാനമായ പച്ച മരുന്നുകളുടേയും സുഗന്ധ സസ്യങ്ങളുടേയും അപൂർവ്വശേഖരം പ്രയോജനപ്പെടുത്തി വ്യവസായ വികസനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) കേരളത്തിലെ ജൈവ വൈവിധ്യം പരമാവധി പ്രയോജനപ്പെടുത്തി ബയോടെക്നോളജി മേഖലയുടെ വികസനത്തിനും, ഈ മേഖലയിൽ നിക്ഷേപം, തൊഴിൽ സാദ്ധ്യത എന്നിവ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുംകൂടി 31-3-2003-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്സ്.)42/2003/വ്യവ. പ്രകാരം ശ്രീ. രാജീവ് വാസുദേവനെ ബയോടെക്നോളജി-സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

കേരളത്തിന്റെ തനത് ജൈവ സമ്പത്ത് നിലനിർത്തിക്കൊണ്ടുതന്നെ, ബയോടെക്നോളജി മേഖലയിലെ വ്യവസായ വികസനം എങ്ങനെ നടപ്പിലാക്കാമെന്നതിനെ അടിസ്ഥാനപ്പെടുത്തി, വിവിധ വകുപ്പുകളുമായി സ്പെഷ്യൽ ഓഫീസർ ചർച്ചകൾ നടത്തിവരികയാണ്. ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

ഈ രംഗത്ത് വ്യവസായ മേഖല സ്പോൺസർ ചെയ്യുന്ന ഗവേഷണ ഫലങ്ങൾ ഗവേഷണ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും മറിച്ച് വ്യവസായ മേഖലയ്ക്ക് ആവശ്യമായ ഗവേഷണ ഫലങ്ങൾ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും വ്യവസായമേഖലയ്ക്ക് എത്തിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ സ്പെഷ്യൽ ഓഫീസ് തുടങ്ങിക്കഴിഞ്ഞു.

കൂടാതെ, ബയോടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഓരോ ബയോടെക്നോളജി പാർക്കുകൾ തിരുവനന്തപുരത്തും കൊച്ചിയിലും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി തയ്യാറാക്കിയ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly